
# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ

# KRISHI VIGYAN KENDRA - ALLEPPEY

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കൃഷ്ണപുരം, കായംകുളം - 690 533, കേരളം

വാല്യം 11 ലക്കം 03 | **വാർത്താപത്രിക** | ജൂലൈ-സെപ്റ്റംബർ 2013

## മുട്ടാറിലെ കർഷകർക്ക് ആവേശം പകർന്ന് ICAR ഡെപ്യൂട്ടി ഡയറക്ടർ ജനറലിന്റെ സന്ദർശനം

ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി (NICRA)യിൽ കർഷക പങ്കാളിത്തത്തോടെ പ്രാവർത്തികമാക്കിവരുന്ന വിവിധ സാങ്കേതിക വിദ്യാ പ്രദർശനങ്ങൾ കാണുന്നതിനും കർഷകരുമായി സംവദിക്കുന്നതിനുമായി ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ന്യൂഡൽഹി) വിജ്ഞാന വ്യാപന വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. കെ.ഡി.കൊക്കാട്ടെ, സോൺ - 8 (ബംഗളൂരു) കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ മേധാവി ഡോ.എസ്.പ്രഭുകുമാർ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം മേധാവി ഡോ. ജോർജ്ജ് വി. തോമസ് എന്നിവരുൾപ്പെട്ട ഉന്നതതല സംഘം 2013 ജൂലൈ 8 ന് മുട്ടാർ പഞ്ചായത്ത് സന്ദർശിച്ചു. കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കി വരുന്ന സാങ്കേതിക വിദ്യാ പ്രദർശനങ്ങളുടെ അടിസ്ഥാനമായ സംയോജിത കൃഷി രീതികൾ (Integrated Farming System), കാലാവസ്ഥ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കാനും ഒരു പരിധി വരെ അതിജീവിയ്ക്കുവാനും ഉതകുന്നതായി വിലയിരുത്തപ്പെട്ടു. ഡോ.കൊക്കാട്ടെ ഉൾപ്പെട്ട സംഘം സംയോജിത താറാവ്-മത്സ്യകൃഷി യൂണിറ്റുകൾ, വെള്ളപ്പൊക്കത്തെ അതിജീവിക്കുവാനനുയോജ്യമായ വിധത്തിൽ ഇരുമ്പിൽ നിർമ്മിച്ച ഉയരമുള്ള കോഴിക്കൂടുകൾ, കെ.വി.കെ. യുടെ ഇടപെടൽ മൂലം പുനരുജ്ജീവിപ്പിക്കപ്പെട്ട പാൽ സൊസൈറ്റി (മിൽമ), മുട്ടാർ സെന്റ്.ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്ഥാപിച്ചിരിക്കുന്ന ചെറുകിട കാലാവസ്ഥ നിരീക്ഷണ കേന്ദ്രം എന്നിവ സന്ദർശിച്ചു.



തുടർന്ന് പഞ്ചായത്ത് ഹാളിൽ പങ്കാളിത്ത കർഷകരുമായി നടത്തിയ സംവാദത്തിൽ മുട്ടാർ പഞ്ചായത്തിൽ കെ.വി.കെ. നടപ്പിലാക്കി വരുന്ന പദ്ധതികൾ കർഷകർക്ക് തികച്ചും പ്രയോജനപ്രദമാണെന്നും വിളവർദ്ധനവിനും വരുമാന വർദ്ധനവിനും ഉപയുക്തമാണെന്നും കർഷകർ വിലയിരുത്തി. മണ്ണ് പരിശോധനാടിസ്ഥാനത്തിലുള്ള കുമ്മായ - രാസവള പ്രയോഗം, ഡ്രം സീഡർ ഉപയോഗിച്ചുള്ള വിത്തിടീൽ, സ്യൂഡോമോണാസ്, ട്രൈക്കോ കാർഡ് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദ രോഗ - കീട നിയന്ത്രണം എന്നീ കൃഷിമുറകൾ വഴി ഉയർന്ന ഉത്പാദന ക്ഷമതയോടൊപ്പം നെൽകൃഷിയിൽ കുറഞ്ഞതോതിലുള്ള വിത്തിന്റെയും രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗവും അതിലൂടെ കുറഞ്ഞ പരിസര മലിനീകരണത്തിലേക്കും വഴി തെളിയിച്ചതായി കർഷകർ സാക്ഷ്യപ്പെടുത്തി.



കൂടാതെ കര പുരയിടങ്ങളിൽ മൂപ്പുകുറഞ്ഞ മരച്ചീനിയിനമായ "വെള്ളായണി ഹ്രസ്വ"യുടെ കൃഷി, കുട്ടനാട്ടിൽ സാധാരണയായി പാഴാക്കികളയുന്ന വൈക്കോൽ ഉപയോഗിച്ചുള്ള കൂൺകൃഷി, കാർഷിക യന്ത്രങ്ങളുടെ ഉപയോഗം, ബയോഗ്യാസ് പ്ലാന്റുകൾ, അസോളകൃഷി, അടുക്കള മുറ്റത്തെ കോഴി


കൂടുതൽ വിവരങ്ങൾക്ക്:

പ്രോഗ്രാം കോ-ഓർഡിനേറ്റർ
കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ
സി.പി.സി.ആർ.ഐ. (ആർ.എസ്.),
കൃഷ്ണപുരം പി.ഒ.
കായംകുളം - 690 533
ഫോൺ/ഫാക്സ്: 0479 2449268
ഇ-മെയിൽ: kvkalapuzha@gmail.com






വളർത്തൽ, കാലിത്തീറ്റയുടെ ചെലവു കുറയ്ക്കാൻ വൈക്കോൽ സമ്പുഷ്ടീകരണം, മണ്ണിരക്കമ്പോസ്റ്റ് നിർമ്മാണം, പോള ഉപയോഗിച്ച് ഇ. എം. കമ്പോസ്റ്റ് നിർമ്മാണം, മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം, തെങ്ങിന്റെ സമഗ്ര സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ എന്നിവ കർഷകർക്ക് തികച്ചും പ്രയോജനപ്രദവും പ്രദേശത്തിലെ സമസ്ത ഉത്പാദനമേഖലകളെയും കോർത്തിണക്കുന്നതും വരുമാന വർദ്ധനവിന് സഹായകരവുമാണെന്നും പങ്കാളികളായ കർഷകർ നന്ദിപൂർവ്വം സ്മരിച്ചു.

കാർഷിക മേഖലയിലെ വിവിധ സാങ്കേതിക വിദ്യകൾ അവസരോചിതവും ഫലപ്രദവുമായി സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രദർശന പരിപാടികൾ ഒരു പ്രദേശത്തിന്റെ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനും കർഷകരുടെ പുരോഗതിക്കും വഴിതെളിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് മുട്ടാർ പഞ്ചായത്തിലെ പദ്ധതികളെന്ന് ഡോ.കെ.ഡി. കൊക്കാട്ടെ അഭിപ്രായപ്പെട്ടു. കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കാനുതകുന്ന കൂടുതൽ ഫലപ്രദമായ സാങ്കേതിക വിദ്യകൾ തുടർന്നും കർഷകരിലേക്ക് എത്തിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. തുടർന്ന് കെ.വി.കെ സോണൽ പ്രോജക്ട് ഡയറക്ടർ ഡോ.എസ്.പ്രഭുകുമാർ കർഷകരെ അഭിസംബോധന ചെയ്തുകൊണ്ട് കാർഷിക ഉത്പന്നങ്ങളുടെ മാർക്കറ്റിങ്ങിനെക്കുറിച്ചും മാർക്കറ്റിങ്ങിൽ വിജയഗാഥ രചിച്ച പൂനെ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കർഷക-സ്വയംസഹായസംഘങ്ങളുടെ കൂട്ടായ്മയായ "അഭിനവി" നെക്കുറിച്ചും സംസാരിച്ചു. അമ്പതിലേറെ കർഷകർ കനത്ത മഴയെയും വെള്ളപ്പൊക്കത്തെയും അവഗണിച്ച് സംവാദത്തിൽ പങ്കെടുത്തത് ഈ പദ്ധതിയോട് കർഷകർക്കുള്ള ആഭിമുഖ്യം വ്യക്തമാക്കി. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം മേധാവി ഡോ. കൃഷ്ണകുമാർ, കെ.വി.കെ. പ്രോഗ്രാം കോർഡിനേറ്റർ ഡോ. പി. മുരളീധരൻ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. സുകുമാരൻ, പഞ്ചായത്ത് മെമ്പർമാർ, കെ.വി.കെ.സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകളായ ശ്രീ. എം. എസ്.രാജീവ്, ഡോ. എസ്.രവി, ശ്രീമതി. ജിസ്സി ജോർജ്ജ്, ഡോ.കെ.സജ്നനാഥ്, പദ്ധതിയിലെ എസ്.ആർ.എഫു മാരായ ശ്രീമതി. റീമാ ആനന്ദ്, കുമാരി. അഞ്ജലി ആർ. നാഥ് എന്നിവരും സംവാദത്തിൽ പങ്കെടുത്തു.



## ശാസ്ത്രോപദേശക സമിതി യോഗം

കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പന്ത്രണ്ടാമത് ശാസ്ത്രോപദേശക സമിതിയോഗം ആഗസ്റ്റ് 30 ന് സി.പി.സി.ആർ.ഐ. പ്രാദേശിക കേന്ദ്രത്തിൽ സംഘടിപ്പിച്ചു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ഡയറക്ടർ ഡോ.ജോർജ്ജ് വി.തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രോഗ്രാം കോർഡിനേറ്റർ ഡോ. പി.മുരളീധരൻ കെ.വി.കെയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രധാന പ്രവർത്തന നേട്ടങ്ങളും മുൻ ശാസ്ത്രോപദേശക സമിതിയുടെ നിർദ്ദേശങ്ങളുടെ മേലുള്ള നടപടികളും അവതരിപ്പിച്ചു. തുടർന്ന് കെ.വി.കെ യിലെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകൾ അതാത് വിഷയങ്ങളിലെ പ്രധാന പരിപാടികളും നേട്ടങ്ങളും യോഗത്തിൽ അവതരിപ്പിച്ചു. ബംഗളൂരു സോണൽ പ്രോജക്ട് ഡയറക്ടറേറ്റിൽ നിന്നുള്ള പ്രതിനിധി ഡോ.സി.വി.സായ്റാം കെ.വി.കെ യുടെ പ്രവർത്തന നേട്ടങ്ങളെയും മികവിനേയും ശ്ലാഘിച്ചു. ആസൂത്രണ മികവും കൃത്യതയാർന്നതും അനുയോജ്യവുമായ മേഖലകളെ ആസ്പദമാക്കിയ പ്രവർത്തന രീതിയുമാണ് കെ.വി.കെ. യെ മികവുറ്റതാക്കുന്നതെന്നും ഈ പ്രവർത്തന പരിപാടികൾ കൂടുതൽ വ്യാപിപ്പിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സി.പി.സി.ആർ.ഐ പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ, കേരള കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപന വിഭാഗം അസോസിയേറ്റ് ഡയറക്ടർ ഡോ. മോത്തിലാൽ നെഹ്റു, കായംകുളം ഒ.ആർ.എ.ആർ.എസ്. മേധാവി ഡോ. ടി.എൻ. വിലാസിനി, സി.പി.സി.ആർ.ഐ പ്രാദേശിക കേന്ദ്രത്തിലെ വിജ്ഞാന വ്യാപന വിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.പി.അനിതകുമാരി, ആത്മ ആലപ്പുഴ പ്രോജക്ട് ഡയറക്ടർ ശ്രീമതി. നീനാ റാഫേൽ, ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ശ്രീമതി. കെ.മീന, നബാർഡ് ജില്ലാ വികസന മാനേജർ ശ്രീ. രഘുനാഥൻ പിള്ള, സോയിൽ കൺസർവേഷൻ ഓഫീസർ ശ്രീ. മുഹമ്മദ് കുഞ്ഞ്, എസ്.ബി.ടി. കായംകുളം ചീഫ് മാനേജർ ശ്രീ. വി.പി.മോഹനകുമാർ, ജില്ലാ ഫോറസ്ട്രി ഡിവിഷൻ സീനിയർ ഫോറസ്റ്റ് ഓഫീസർ ശ്രീ. സി.വിജയൻ,





കായംകുളം വെറ്റിനറി പോളിക്ലിനിക് സീനിയർ വെറ്റിനറി സർജൻ ഡോ. സി.പ്രതിഭ, ജില്ലാ ഇൻഡസ്ട്രീസ് അസിസ്റ്റന്റ് ഓഫീസർ ശ്രീ. സി. പ്രേംനാഥ്, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കെ.വി.കെ. മേധാവികളായ ഡോ.സി.പി. റോബർട്ട്, ഡോ.കെ.ജെ.ജോസഫ്, കർഷക പ്രതിനിധികളായ ശ്രീമതി. ജെ. ശശികല , ശ്രീമതി. കെ. ശ്രീകല , എന്നിവർ പങ്കെടുത്തു. ശാസ്ത്രോപദേശക സമിതി അംഗങ്ങൾ കെ.വി.കെ.യുടെ അടുത്ത ഒരു വർഷത്തേക്കുള്ള പദ്ധതികൾക്കുള്ള മാർഗ്ഗരേഖയും നിർദ്ദേശിച്ചു.

## കോഴിവളർത്തൽ യൂണിറ്റ് ആരംഭിച്ചു



കെ.വി.കെ. യിലെ പുതിയ കോഴിവളർത്തൽ യൂണിറ്റ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം മേധാവി ഡോ. ജോർജ്ജ് വി. തോമസ് ഉദ്ഘാടനം ചെയ്തു. ഈ യൂണിറ്റിൽ വിവിധയിനം മുട്ടക്കോഴി ഇനങ്ങളായ ഗ്രാമശ്രീ, ഗ്രാമലക്ഷ്മി, ഗ്രാമപ്രിയ, കടക്കനാഥ്, അസീലുകൾ, നാടൻ കോഴിയിനങ്ങൾ എന്നിവയെ പരിപാലിച്ചു വരുന്നു. കൃഷിക്കാർക്ക് വിവിധയിനം കോഴികളെ പരിചയപ്പെടാനും അടുക്കള മുറ്റത്തെ കോഴിവളർത്തലിനാവശ്യമായ കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ചു നൽകുന്നതിനും ലക്ഷ്യമിടുന്നതാണ് ഈ യൂണിറ്റ്. ഇതിനോടനുബന്ധിച്ച് 240 കുഞ്ഞുങ്ങളെ വിരിയിക്കാൻ ശേഷിയുള്ള ഇൻകുബേറ്ററും സജ്ജമാണ്. കൂടാതെ ഗൂസ്, ടർക്കി എന്നീയിനം കോഴികളെയും പരിപാലിച്ചു വരുന്നു.



## പരിശീലന പരിപാടികൾ

ഇക്കാലയളവിൽ കെ.വി.കെ യിൽ 15 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കർഷകർ, വനിതകൾ, യുവജനങ്ങൾ എന്നിവരുൾപ്പെടെ 353 പേർ ഇതിൽ പങ്കെടുത്തു. ടിഷ്യൂ കൾച്ചർ വാഴ തൈകളുടെ ആദ്യകാല പരിചരണം, നാളീകേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ, ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ, പ്രധാന വിളകളുടെ കീടരോഗ നിയന്ത്രണം, ജൈവ വളങ്ങളുടെ ഉത്പാദനവും ഉപയോഗവും, കൂൺ കൃഷി എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനപരിപാടികൾ സംഘടിപ്പിച്ചത്.

## വിജയഗാഥകൾ


### അരൂക്കുറ്റിയിലെ കേരോൽപ്പന്ന പെരുമ

ആലപ്പുഴ ജില്ലയുടെ ഏറ്റവും വടക്കെ അറ്റത്തു സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് അരൂക്കുറ്റി. കൊച്ചി നഗരത്തോട് ചേർന്നു കിടക്കുന്ന ഈ തീരദേശ ഗ്രാമത്തെ ശ്രദ്ധേയമാക്കുന്നത് "അരൂക്കുറ്റി ഫാർമേഴ്സ് ക്ലബ്" എന്ന കർഷക കൂട്ടായ്മയാണ്. കേരളത്തിനഭിമാനിക്കാവുന്ന വിധത്തിൽ പോളി ഹൗസ് കൃഷിയുടെ



ആരംഭം കുറിച്ചത് അരൂക്കുറ്റി ഫാർമേഴ്സ് ക്ലബാണ്. നൂറു ശതമാനവും ജൈവ പച്ചക്കറികളുടെ ഉത്പാദനത്തിനു പുറമേ നാളീകേര ഉത്പന്നങ്ങളുടെ നിർമ്മാണത്തിലും വിജയഗാഥ രചിക്കുകയാണ് സംഘം.

2011 ൽ കെ.വി.കെ.യിൽ നിന്നും ലഭിച്ച മൂന്നുദിവസത്തെ പരിശീലനത്തിന്റെ പിൻബലത്തിൽ 13 അംഗങ്ങൾ ചേർന്ന് 'ഹരിത' കേരോത്പന്ന യൂണിറ്റ് രൂപീകരിച്ച് ഉത്പാദനം ആരംഭിച്ചു. ഉത്പന്ന നിർമ്മാണത്തിൽ ഏഴോളം വനിതകളാണ് സജീവമായിട്ടുള്ളത്. വെർജിൻ കോക്കനട്ട് ഓയിൽ, നാളീകേര ലഡ്ഡു, ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കാൻ സഹായകരമായ ഔഷധ സസ്യങ്ങൾ ചേർത്ത ചമ്മന്തിപ്പൊടി, ഉരുക്കു വെളിച്ചെണ്ണ നിർമ്മിക്കുമ്പോൾ ലഭിക്കുന്ന കക്കൻ ഉപയോഗിച്ച് ലഡ്ഡു, ഇഞ്ചിക്കറി മിക്സ്, തേങ്ങാവെള്ളത്തിൽ നിന്നും ശീതള പാനീയം എന്നിവ വളരെ രുചികരമായും ആകർഷകമായും തയ്യാറാക്കി വിപണനം ചെയ്യുന്നു. ഗുണമേന്മ മാനദണ്ഡങ്ങളും ഗുഡ് മാനുഫാക്ചറിങ്ങ് പ്രാക്ടീസും (GMP) പാലിച്ചുകൊണ്ടും 'ഇ–കോളി' ബാക്ടീരിയാരഹിത വെള്ളം മാത്രം പാചകത്തിനുപയോഗിച്ചും ആരോഗ്യകരമായാണ് ഉത്പന്നങ്ങൾ നിർമ്മിക്കുന്നത് എന്നതുകൊണ്ട് തന്നെ ഉത്പന്നങ്ങൾക്ക് നാട്ടുകാരുടെ



ഇടയിൽ മികച്ച സ്വീകാര്യതയാണുള്ളത്. ഉരുക്കുവെളിച്ചെണ്ണയ്ക്ക് വിദേശത്ത് നിന്നുപോലും ആവശ്യക്കാരുണ്ട്.

ഉരുക്കുവെളിച്ചെണ്ണയ്ക്ക് സവിശേഷമായൊരു വിപണിയും ഉപഭോക്താക്കളെയും കണ്ടെത്തിയിട്ടുണ്ട് ഇവർ. ദീർഘനാൾ ബെഡ്ഡിൽ ഒരേ കിടപ്പ് വേണ്ടി വരുന്ന രോഗികൾക്ക് 'ബെഡ് സോർ' വരുന്നത് സാധാരണമാണ്. അത്തരം രോഗികൾക്ക് ഉരുക്കുവെളിച്ചെണ്ണ ലേപനം ചെയ്യുന്നത് വളരെ ഫലപ്രദമാണെന്നും അതുകൊണ്ട് ഈ രോഗികളുടെ ഉറ്റവർ ഉയർന്ന വിലകൊടുത്തും എണ്ണ വാങ്ങാനെത്തുന്നു എന്നുമാണ് ഇവരുടെ അഭിപ്രായം. കേട്ടറിഞ്ഞ് വിദൂരസ്ഥലങ്ങളിൽ നിന്നും ഈ ആവശ്യത്തിന് എണ്ണ തേടി "ഹരിത" ഗ്രൂപ്പിനെ ആളുകൾ സമീപിക്കുന്നുണ്ട്.

അതുപോലെ കക്കൻ ലഡുവിന് മികച്ച സ്വീകാര്യതയുള്ളത് സ്കൂൾ കുട്ടികളുടെ ഇടയിലാണെന്നാണ് ഉത്പന്നങ്ങളുടെ മാർക്കറ്റിങ്ങ് ചുമതലയുള്ള ശ്രീ. കെ.ആർ.രാജൻ പറയുന്നത്. ഇൻസ്റ്റന്റ് ഇഞ്ചിക്കറി മിക്സും ഔഷധ സസ്യങ്ങൾ ചേർന്ന ചമ്മന്തിപ്പൊടിയും നാട്ടുകാരുടെ ഇടയിൽ നല്ല ഡിമാന്റുള്ള ഉത്പന്നങ്ങളാണ്.

ദിവസേന നൂറോളം തേങ്ങ ഉപയോഗിച്ച് ഉത്പന്നങ്ങൾ തയ്യാറാക്കുന്ന ഇവരുടെ യൂണിറ്റിൽ സ്ക്രൂപ്രസ്, ഡബിൾ സ്ക്രേപ്പർ തുടങ്ങിയ ഉപകരണങ്ങളുമുണ്ട്. ഉത്പന്നങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യകത മുൻനിർത്തിയും വരുമാനം വർദ്ധിപ്പിക്കുന്നതിനും ദിവസേന മുന്നൂറോളം തേങ്ങ ഉപയോഗിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കാനാണ് സംഘം ഇപ്പോൾ ആലോചിക്കുന്നത്. കൂടാതെ നാളികേര ചിപ്സ് പോലുള്ള ഉത്പന്നങ്ങളും വിപണിയിലെത്തിക്കാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു.



ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകുന്നത് പ്രസിഡന്റ് പി.ഡി. ജോഷി, സെക്രട്ടറി കെ. ബാഹുലേയൻ, ശ്രീ. നാസർ മഠത്തിൽ പറമ്പിൽ, ശ്രീ. മുഹമ്മദ് ലുഖ്മാൻ, ആബിദ, റഹിയാനത്ത്, ഷീല, സാ സോഫിയ, സന്ധ്യ എന്നിവരുമാണ്. പ്രദേശത്തിലെ മുഴുവൻ കേരകർഷകർക്കും പ്രതീക്ഷയും ആശാകേന്ദ്രവുമാണ് ഈ കേരോൽപ്പന്ന യൂണിറ്റ്.

## ഗിരിജയ്ക്ക് താങ്ങായി "സ്നേഹ" കൂൺ

കൂൺ കൃഷി സ്വയം തൊഴിലാക്കി മാറ്റിയ ഒരു വീട്ടമ്മയാണ് ഏവൂർ വടക്ക് വീട്ടുവടക്കതിൽ ശ്രീമതി. ഗിരിജ പ്രസാദ്. സ്ഥിര വരുമാനം നേടിയെടുക്കാനും സമൂഹത്തിന് ആരോഗ്യം പ്രദാനം ചെയ്യാനും ഈ കൃഷി ഗിരിജയെ സഹായിക്കുന്നു.

2008 –ലാണ് ശ്രീമതി. ഗിരിജ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടത്തിയ കൂൺ കൃഷി പരിശീലനത്തിൽ പങ്കെടുത്തത്. തുടർന്ന് രണ്ട് കവർ കൂൺ വിത്ത് ഉപയോഗിച്ച് വൈക്കോലിൽ തടമൊരുക്കി ആദ്യ വിളവെടുത്തപ്പോൾ തന്നെ വീണ്ടും ഈ കൃഷി തുടരണമെന്ന് തീരുമാനിച്ചു. ഒരു വർഷത്തോളം ഉത്പാദിപ്പിച്ച കൂൺ സ്വന്തം ആവശ്യത്തിനെടുത്തും അധികം വരുന്നവ അയൽക്കാർക്കു നൽകിയും കൂൺ കൃഷിയുടെ എല്ലാ പ്രായോഗിക വശങ്ങളും ഇവർ മനസ്സിലാക്കി. ഭർത്താവായ ശ്രീ. പ്രസാദിന്റെ പൂർണ്ണപിന്തുണ കൂടിയായപ്പോൾ വീട്ടിലെ ഒരു മുറി ഇതിനായി മാറ്റിവെച്ച് ഉത്പാദനം വർദ്ധിപ്പിച്ചു. ആവശ്യക്കാർ ഏറിയതോടെ വീടിനോട് ചേർന്ന് ഒരു ഷെഡ് നിർമ്മിച്ച് ചിപ്പിക്കൂൺ കൃഷി വിപുലീകരിച്ചു. ഇപ്പോൾ ദിവസേന രണ്ടു മുതൽ 3 കിലോ വരെ ചിപ്പിക്കൂൺ ഉത്പാദിപ്പിക്കുന്നുണ്ട്. കാൻസറിനേയും ജീവിതശൈലി രോഗങ്ങളേയും പ്രതിരോധിക്കാൻ കൂൺ ഉത്തമമാണെന്നറിഞ്ഞ് ആവശ്യക്കാർ നേരിട്ട് വീട്ടിലെത്തിയും കൂൺ വാങ്ങുന്നുണ്ട്.





കൂൺ കർഷകർ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് കൂൺകൃഷി ചെയ്ത ശേഷമുള്ള മാധ്യമത്തിന്റെ നിർമ്മാർജ്ജനം. വിളവെടുപ്പ് കഴിഞ്ഞുള്ള മാധ്യമം അവിടവിടെ കൂട്ടിയിടുന്നത് കൂൺ കൃഷിയെ ദോഷകരമായി ബാധിക്കുന്ന കീടങ്ങൾ പെരുകാൻ കാരണമാകുന്നു. എന്നാൽ ഗിരിജാകട്ടെ ഈ മാധ്യമവും വരുമാനമാക്കി മാറ്റുന്നു. മണ്ണിരയുടെ സഹായത്താൽ ഇത് വളരെ ഗുണമേൻമയുള്ള കമ്പോസ്റ്റാക്കി സമീപ പ്രദേശത്തെ കർഷകർക്ക് വിൽക്കുന്നതോടൊപ്പം തങ്ങൾക്കാവശ്യമുള്ള പച്ചക്കറികൾ കൃഷിചെയ്യാനും ഉപയോഗിക്കുന്നു.

തങ്ങൾക്ക് ജീവസന്ധാരണത്തിന് തുണയായ ഈ സംരംഭത്തിന് മകളുടെ പേരും നൽകി "സ്നേഹ കൂൺ".

*പ്രസാധനം :* **ഡോ. ജോർജ്ജ് വി. തോമസ്**, ഡയറക്ടർ, സി.പി.സി.ആർ.ഐ., കാസർഗോഡ്; *ഏകോപനം & എഡിറ്റിംങ്ങ് :* **ഡോ. പി. മുരളീധരൻ**, പ്രോഗ്രാം കോർഡിനേറ്റർ; *ശേഖരണം & ലേഔട്ട് :* **ജിസ്സി ജോർജ്ജ്**, എസ്.എം.എസ്.; *സാങ്കേതിക വിവരങ്ങൾ :* **ലേഖ ജി., ഡോ.എസ്. രവി, രാജീവ് എം.എസ്., ഡോ.കെ.സജ്നനാഥ്** ; *സാങ്കേതിക സഹായം :* **അൻസാരി കെ.എം., ബിജില പി.വി.**

